(ബി) നെടുവത്തൂർ നിയോജകമണ്ഡലത്തിലെ രണ്ട് ഗ്രാമ പഞ്ചായത്തുകളിലെ ജനങ്ങളുടെ പ്രധാന യാത്രാമാർഗ്ഗമായ ഈ ബ്രിഡ്ജ് നിർമ്മിക്കുന്നതിന്റെ ആവശ്യകത കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റെയിൽവേയെ സംബന്ധിച്ചിടത്തോളം ടി ബ്രിഡ്ജ് നിർമ്മാണത്തിന്റെ ആവശ്യകത നിലവിലില്ല.

ടെലിഫോൺ ഡയറക്ടറി

138 [2570] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എറണാകുളം ഉൾപ്പെടെ ചില ജില്ലകളിൽ ടെലിഫോൺ ഡയറക്ടറി പ്രസിദ്ധീകരിക്കാത്തത് കാരണമുണ്ടായ വൈഷമ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബി. എസ്. എൻ. എൽ., വിവിധ മൊബൈൽ ഫോൺ കമ്പനികൾ എന്നിവർക്ക് ഡയറക്ടറി പ്രസിദ്ധീകരിക്കുവാൻ നിർദ്ദേശം നൽകുമോ;

(സി) ഡയറക്ടറി സേവനം ലഭ്യമാക്കാത്ത കമ്പനികൾക്കെതിരെ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ രണ്ടു വർഷക്കാലമായി എറണാകുളം, കൊല്ലം സെക്കന്ററി സ്വിച്ചിംഗ് ഏരിയകളിലെ ടെലിഫോൺ ഡയറക്ടറി കോടതി കേസ് നിലവിലുള്ളതുമൂലം പ്രസിദ്ധീകരിക്കാൻ സാധിച്ചിട്ടില്ല. കൊല്ലം എസ്. എസ്. എ.-യിലെ ഡയറക്ടറി ഈ വർഷം തന്നെ പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്നാണു പ്രതീക്ഷ.

(ബി) ടെലികോം റഗുലേറ്ററി അതോറിറ്റി ഓഫ് ഇൻഡ്യയുടെ നിർദ്ദേശം കിട്ടിയാലുടൻ തന്നെ ബി. എസ്. എൻ. എൽ. മൊബൈൽ ഡയറക്ടറി പ്രസിദ്ധീകരിക്കുന്നതാണ്. സ്വകാര്യ മൊബൈൽ കമ്പനികളിന്മേൽ സർക്കാരിനോ ബി.എസ്.എൻ.എൽ.-നോ നിയന്ത്രണമില്ല. ട്രായ് ആണ് ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളേണ്ടത്.

(സി) സ്വകാര്യ ഓപ്പറേറ്റേഴ്സിന്റെ നിയന്ത്രണാധികാരം സംസ്ഥാന സർക്കാരിനില്ല.

LIBRARY ARCHIVES Kerala Legislative Assembly